
# തലമുറകളുടെ തുടർച്ചയ്ക്ക്

**Que.1. ഗ്രാഫ് നിരീക്ഷിക്കുക** **[Marks :(3)]**




**(a)ഈ പ്രദേശത്തെ കൗമാരക്കാരിൽ ഗ്രാഫിൽ സൂചിപ്പിച്ച കാലയളവിൽ ലഹരി ഉപയോഗ ശീലത്തിലുണ്ടായ പ്രവണത എന്ത് ?**

**(b)കൗമാരക്കാർ ഇത്തരം ദുശ്ശീലങ്ങളിൽ അടിമപ്പെടാനുള്ള സാഹചര്യങ്ങൾ എന്തെല്ലാം?**

**(c)കൗമാരക്കാർ ആരോഗ്യശീലങ്ങളിൽ പുലർത്തേണ്ട മുൻകരുതലുകൾ എന്തെല്ലാം ?**

**Ans.** (a)ലഹരി ഉപയോഗിക്കുന്ന കൗമാരക്കാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി

(b)ചീത്തകൂട്ടുകെട്ട്,തീരുമാനങ്ങളിലെ പക്വതക്കുറവ്, അനുകരണ ഭ്രമം

(അനുയോജ്യമായത് ഏതെങ്കിലും രണ്ടെണ്ണം )

(c)പ്രഭാത ഭക്ഷണം നിർബന്ധമായും കഴിക്കുക

പഴങ്ങൾ പച്ചക്കറികൾ ധാന്യങ്ങൾ പയറുവർഗ്ഗങ്ങൾ ഉൾപ്പെട്ട ഭക്ഷണ രീതി തെരഞ്ഞെടുക്കുക

**Que.2. "സ്കൂൾ വിദ്യാർത്ഥികൾക്ക് അയൺ-ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യുവാൻ ആരോഗ്യ വകുപ്പ് തീരുമാനിച്ചു"- പത്രവാർത്ത**

**-ഏത് ആരോഗ്യ പ്രശ്നത്തിന് പരിഹാരമായിട്ടാണ് ഈ ഗുളികകൾ വിതരണം ചെയ്യുന്നത് ?** **[Marks :(1)]**

**Ans.** ഇരുമ്പിന്റെ കുറവുമൂലമുള്ള അനീമിയ

**Que.3. പദജോഡി ബന്ധം കണ്ടെത്തി വിട്ടുപോയ ഭാഗം പൂരിപ്പിക്കുക**


**ബാക്ടീരിയ:ദ്വിവിഭജനം;** **[Marks :(1)]**

**-----------:മുകുളനം**

**Ans**. ഹൈഡ്ര

**Que.4. ചിത്രത്തിൽ A എന്നടയാളപ്പെടുത്തിയിരിക്കുന്ന ഭാഗം ഏത് ?**

**[Marks :(1)]**




**Ans.** പരാഗനാളി

**Que.5. വിട്ടുപോയ പദം പൂരിപ്പിക്കുക പദങ്ങൾ തമ്മിലുള്ള ബന്ധം എഴുതുക**

**ആൺപൂവ് :.......**


**പെൺപൂവ് :ജനി**

**[Marks :(1)]**

**Ans.** കേസരം,പൂവിലെ പ്രത്യുൽപാദന അവയവങ്ങൾ

**Que.6. ചിത്രീകരണം പൂർത്തിയാക്കുക**

**[Marks :(1)]**




**Ans.** ജനറേറ്റീവ് ന്യൂക്ലിയസ് വിഭജിച്ച് രണ്ട് പുംബീജങ്ങൾ ഉണ്ടാകുന്നു

**Que.7. പദജോഡി ബന്ധം വിശകലനം ചെയ്ത് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

**A) അണ്ഡവാഹി -സ്ത്രീ ഹോർമോൺ ഉൽപാദിപ്പിക്കുന്നു**

**B)വൃഷണം-പുരുഷ ഹോർമോൺ ഉൽപാദിപ്പിക്കുന്നു**

**C)പ്രോസ്റ്റേറ്റ് ഗ്രന്ഥി -അണ്ഡത്തിന്റെ ചലനത്തിനാവശ്യമായ സ്രവം ഉൽപാദിപ്പിക്കുന്നു**

**i)A,Bഎന്നിവ ശരി**

**ii)Aമാത്രം ശരി**

**iii)B,Cഎന്നിവ ശരി**

**iv)Bമാത്രം ശരി**

**[Marks :(1)]**

**Ans.** (iv)Bമാത്രം ശരി

**Que.8. വിട്ടുപോയ പദം പൂരിപ്പിക്കുക പദങ്ങൾ തമ്മിലുള്ള ബന്ധം എഴുതുക**

**സ്ത്രീ : ഈസ്ട്രജൻ**

**പുരുഷൻ :..............................**

**[Marks :(1)]**

**Ans.** ടെസ്റ്റോസ്റ്റീറോൺ ,ലൈംഗിക ഹോർമോണുകൾ

**Que.9. ഒറ്റപ്പെട്ടത് ഏത്? മറ്റുള്ളവയുടെ പൊതു സവിശേഷത എന്ത്?**

**തന്തുകം,പരാഗണസ്ഥലം,ജനിദണ്ഡ്,അണ്ഡാശയം**

**[Marks :(1)]**

**Ans.** തന്തുകം, മറ്റുള്ളവ പൂവിലെ പെൺലൈംഗികാവയവ ഭാഗങ്ങൾ

**Que.10. ഒറ്റപ്പെട്ടത് ഏത് ? മറ്റുള്ളവയുടെ പൊതു സവിശേഷത എന്ത്?**

**അണ്ഡാശയം , അണ്ഡവാഹി, ഗർഭാശയം, പ്രോസ്റ്റേറ്റ് ഗ്രന്ഥി**

**[Marks :(1)]**

**Ans.** പ്രോസ്റ്റേറ്റ്ഗ്രന്ഥി, മറ്റുള്ളവ സ്ത്രീ പ്രത്യുൽപാദനവ്യവസ്ഥാ ഭാഗങ്ങൾ

**Que.11. വിട്ടുപോയ പദം പൂരിപ്പിക്കുക**

**ഗർഭസ്ഥശിശുവിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യുന്നു : പൊക്കിൾക്കൊടി**

**ഗർഭസ്ഥ ശിശുവിന്റെ നിർജലീകരണം തടയുന്നു :. ............................**

**[Marks :(1)]**

**Ans.** അമ്നിയോട്ടിക് ദ്രവം

**Que.12. താഴെ തന്നിട്ടുള്ള പ്രസ്താവനകളിൽ അടിവരയിട്ട ഭാഗത്ത് തെറ്റുണ്ടെങ്കിൽ തിരുത്തിയെഴുതുക**

**a)ബീജസംയോഗം നടക്കുന്നത് ഗർഭാശയത്തിൽ വച്ചാണ് ..**

**b)ഭ്രൂണം പറ്റിപ്പിടിച്ച് വളരുന്നത് ഗർഭാശയത്തിലെ എൻഡോമെട്രിയത്തിലാണ് .**


**c)അണ്ഡവാഹി സ്ത്രീ ഹോർമോണുകളെ ഉൽപാദിപ്പിക്കുന്നു .**

**[Marks :(2)]**

**Ans. (a)അണ്ഡവാഹി**

**(c)അണ്ഡാശയം**

**Que.13. ചുവടെ തന്നിട്ടുള്ള പുംബീജത്തിന്റെ ചിത്രം നിരീക്ഷിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**



**(a)ചിത്രത്തിലെ ശിരസ്സിൽ കാണപ്പെടുന്ന Aഎന്ന ഭാഗം ഏത്? ഇതിന്റെ പ്രത്യേകത എന്ത് ?**

**(b)ചിത്രത്തിലെ ഉടലിൽ കാണപ്പെടുന്ന Bഎന്ന കോശാംഗം ഏത് ?ഇത് പുംബീജത്തെ സഹായിക്കുന്നതെങ്ങനെ ?**

**[Marks :(2)]**

**Ans.** (a)ന്യൂക്ലിയസ്-പിതൃക്രോമോസോമുകൾ അടങ്ങിയിരിക്കുന്നു

(b)മൈറ്റോകോൺഡ്രിയ -പുംബീജത്തിന്റെ ചലനത്തിനാവശ്യമായ ഊർജ്ജം നൽകുന്നു .

**Que.14. പ്യൂബെർട്ടി എന്നാൽ എന്ത് ?ഈ ഘട്ടത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ?**

**[Marks :(2)]**

**Ans.** സന്താനോൽപാദന സജ്ജമായ വ്യക്തികളാകുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന ശാരീരിക മാറ്റങ്ങളെയാണ് പ്യൂബെർട്ടി എന്നുപറയുന്നത് .

തലച്ചോറിന്റെ വികാസം ഉയരത്തിലും തൂക്കത്തിലും പെട്ടെന്നുണ്ടാകുന്ന വർദ്ധനവ്,ഗ്രന്ഥികളുടെ വർദ്ധിച്ച പ്രവർത്തനക്ഷമത (ഏതെങ്കിലും രണ്ടെണ്ണം)എന്നിവ ഈ ഘട്ടത്തിന്റെ പ്രത്യേകതകളാണ്.

**Que.15. താഴെ കൊടുത്തിരിക്കുന്ന ബോക്സ് പരിശോധിച്ച് മാതൃകയിലേതുപോലെ ജോഡികളാക്കുക**

**മാതൃക:ഫംഗസ് :രേണുക്കൾ**


**ദ്വിവിഭജനം , ഹൈഡ്ര , ഫംഗസ് ,രേണുക്കൾ , ബാക്ടീരിയ , മുകുളനം**

**[Marks :(2)]**

**Ans.** ബാക്ടീരിയ:ദ്വിവിഭജനം

ഹൈഡ്ര :മുകുളനം

**Que.16. മനുഷ്യവളർച്ചയിലെ വിവിധ ഘട്ടങ്ങൾ ചിത്രീകരിച്ചിരിക്കുന്ന ഫ്ലോചാർട്ട് നിരീക്ഷിച്ച് ചുവടെ തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**




**(i)ഫ്ലോ ചാർട്ടിൽ വിട്ടുപോയഭാഗം പൂരിപ്പിക്കുക**

**(ii)ഇവയിൽ ഏതു ഘട്ടത്തിലാണ് ദ്രുതഗതിയിലുള്ള ശാരീരിക മാറ്റങ്ങൾ സംഭവിക്കുന്നത് ?**

[Marks :(2)]

**Ans.** (i)(a)ബാല്യം (b) കൗമാരം (c) പ്രായപൂർത്തി

(ii)കൗമാരം

**Que.17. കൗമാരത്തിലെ വേഗത്തിലുള്ള ശരീര വളർച്ചയ്ക്കാവശ്യമായ പോഷകലഭ്യത ഉറപ്പുവരുത്തുവാൻ നിങ്ങളുടെ ഭക്ഷണ രീതിയിൽ വരുത്തേണ്ട ക്രമീകരണങ്ങളിൽ ഏറ്റവും പ്രധാനമായ നാലെണ്ണം എഴുതുക**

[Marks :(3)]

**Ans.** പ്രഭാത ഭക്ഷണം നിർബന്ധമായും കഴിക്കുക


പഴങ്ങൾ പച്ചക്കറികൾ ധാന്യങ്ങൾ പയറുവർഗ്ഗങ്ങൾ ഉൾപ്പെട്ട ഭക്ഷണ രീതി തെരഞ്ഞെടുക്കുക

ഉപ്പ് പഞ്ചസാര-മിതമായി കുപ്പിപ്പാനീയങ്ങൾ ഫാസ്റ്റഫുഡ് പായ്ക്കറ്റ് ഭക്ഷണങ്ങൾ എന്നിവ മിതമായി

ശരിയായ സമയത്ത് ശരിയായ അളവിൽ ആഹാരം കഴിക്കുക

ചോക്കലേറ്റ് മധുരപലഹാരങ്ങൾ എന്നിവ പരമാവധി കുറയ്ക്കുക ,അനുയോജ്യമായവ (ഏതെങ്കിലും നാലെണ്ണം)

**Que.18. ഭ്രൂണ വളർച്ചയുമായി ബന്ധപ്പെട്ട് താഴെ തന്നിട്ടുള്ള ചിത്രീകരണം നിരീക്ഷിക്കുക**




**ചിത്രീകരണത്തിൽ A ,B,C എന്നീ ഭാഗങ്ങളും അവയുടെ ധർമ്മങ്ങളും പട്ടികപ്പെടുത്തുക**

[Marks :(3)]

**Ans. A-അമ്നിയോട്ടിക് ദ്രവം -നിർജ്ജലീകരണം തടയുന്നു/ക്ഷതങ്ങളിൽ നിന്നും സംരക്ഷിക്കുന്നു**

**B-പ്ലാസൻ്റ-രക്തം പരസ്പരം കൂടിക്കലരാതെയുള്ള പദാർത്ഥ സംവഹനത്തിന് സഹായിക്കുന്നു**

**C-പൊക്കിൾക്കൊടി - ഗർഭസ്ഥ ശിശുവിന് ഓക്സിജനും പോഷകവും നൽകുന്നു**

**Que.19. വിളർച്ച, ഓർമക്കുറവ്, ഏകാഗ്രതക്കുറവ് എന്നിവയോടുകൂടി ഡോക്ടറെ സമീപിച്ച ഒരു എട്ടാം ക്ലാസുകാരിയുടെ രക്തത്തിലെ ഹീമോഗ്ലോബിന്റെ പരിശോധനാറിപ്പോർട്ടാണ് ചുവടെ നൽകിയിരിക്കുന്നത് .റിപ്പോർട്ട് പരിശോധിച്ച് ചുവടെ തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

**സൂചന -രക്തത്തിലെ ഹീമോഗ്ലോബിന്റെ സാധാരണ അളവ് -12.3g/dL മുതൽ 15.3g/dLവരെ**

**രക്തപരിശോധന റിപ്പോർട്ട്**

**ഹീമോഗ്ലോബിൻ -9.8g/dL**

**a)ഈ രോഗാവസ്ഥ തിരിച്ചറിഞ്ഞെഴുതുക?**

**b)ഈ അവസ്ഥ വിളർച്ചയ്ക്ക് കാരണമാകുന്നതെങ്ങനെ ?**

**c)ഈ രോഗം വരാതിരിക്കാൻ ഭക്ഷണ കാര്യത്തിൽ സ്വീകരിക്കേണ്ട മുൻകരുതൽ എന്ത് ?**

**[Marks :(4)]**


**Ans.** (a)അനീമിയ

(b) രക്തത്തിന് ഓക്സിജനെ വഹിക്കാനുള്ള ശേഷി കുറയുന്നു

(c)ഇരുമ്പടങ്ങിയ ഭക്ഷ്യ വസ്തുക്കൾ കഴിക്കുക

**Que.20. ചിത്രീകരണം നിരീക്ഷിച്ച് ചുവടെ തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

**[Marks :(4)]**




**a)A,B,C,Dഎന്നിവ അടയാളപ്പെടുത്തിയതിൽ തെറ്റുണ്ടെങ്കിൽ അവ തിരുത്തി എഴുതുക.**

**b)ബീജസംയോഗശേഷം പോളാർന്യൂക്ലിയസിന് എന്ത് സംഭവിക്കുന്നു?**

**Ans.** (a)A-പരാഗരേണു

B-ഒവ്യൂൾ

C-അണ്ഡാശയം

D-അണ്ഡം


(b)പോളാർ ന്യൂക്ലിയസ് പുംബീജവുമായി ചേർന്ന് എൻഡോസ്പേം രൂപപ്പെടുന്നു

**Que.21. തന്നിട്ടുള്ള ചിത്രീകരണം,ബോക്സ് എന്നിവ വിശകലനം ചെയ്ത് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതു**

**ഗർഭാശയം,യോനി ,അണ്ഡാശയം,അണ്ഡവാഹി**

**a)A,B,C,Dഎന്നിവ പൂരിപ്പിക്കുക**

**(b)അണ്ഡാശയം ഉൽപ്പാദിപ്പിക്കുന്ന രണ്ട് ഹോർമോണുകളുടെ പേരെഴുതുക?**



**[Marks :(4)]**

**Ans.** (a)A-അണ്ഡവാഹി


B-അണ്ഡാശയം

C-ഗർഭാശയം

D-യോനി

(b)ഈസ്ട്രജൻ ,പ്രൊജസ്റ്റീറോൺ

**Que.22. ചിത്രം നിരീക്ഷിച്ച് താഴെ കൊടുത്തിരിക്കുന്ന സൂചനകൾക്കനുസരിച്ചുള്ള ഭാഗങ്ങൾ മാത്രം എടുത്തെഴുതുക**




**(a)പരാഗണസ്ഥലത്തു പതിക്കുന്ന പരാഗരേണുവിൽ നിന്നും രൂപപ്പെടുന്ന കുഴൽ**

**(b)എൻഡോസ്പേം രൂപീകരണത്തിന് സഹായിക്കുന്ന അണ്ഡാശയത്തിലെ ന്യൂക്ലിയസുകൾ**

**(c)പുംബീജ രൂപീകരണത്തിന് സഹായിക്കുന്ന അണ്ഡാശയത്തിലെ ന്യൂക്ലിയസുകൾ**

**[Marks :(3)]**

**Ans.** (a)പരാഗാനാളം

(b)പോളാർ ന്യൂക്ലിയസ്

(c)ജനറേറ്റീവ് ന്യൂക്ലിയസ്

**Que.23. കൗമാരക്കാർക്കായുള്ള ബോധവൽക്കരണ ക്ലാസ്സിൽ ഹെൽത്ത് ടീച്ചർ അവതരിപ്പിച്ച സ്ലൈഡാണ് ചുവടെ നൽകിയിരിക്കുന്നത് ഇത് വിശകലനം ചെയ്ത് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

**സ്വാഭാവിക ജീവൽ പ്രക്രിയ**

**ബീജസംയോഗം നടന്നില്ലെങ്കിൽ ഗർഭാശയഭിത്തിയിൽ പുതുതായി രൂപപ്പെട്ട കലകൾ രക്തത്തോടും ശ്ലേഷ്മത്തോടുമൊപ്പം യോനിയിലൂടെ പുറന്തള്ളപ്പെടുന്നു .**

**(a)സ്ലൈഡിൽ പരാമർശിച്ചിരിക്കുന്ന സ്വാഭാവിക ജീവൽ പ്രക്രീയ ഏത് ?**

**(b)ഈ പ്രക്രീയയെ സ്വാധീനിക്കുന്ന ഏതെങ്കിലും രണ്ട് ശാരീരിക ഘടകങ്ങളുടെ പേരെഴുതുക?**

**(c) ഈ പ്രക്രീയ നടക്കുന്ന കാലയളവിൽ ആരോഗ്യ കാര്യങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തെല്ലാം ?**

**[Marks :(3)]**

**Ans.** (a)ആർത്തവം

(b)പാരമ്പര്യം/ആഹാര ശീലങ്ങൾ /ആരോഗ്യ സ്ഥിതി/ഹോർമോൺ വ്യതിയാനം (ഏതെങ്കിലും രണ്ടെണ്ണം )

(c)തുടർച്ചയായി ക്രമരഹിതമാകുകയാണെങ്കിൽ വൈദ്യസഹായം തേടണം ,ശുചിത്വം പാലിക്കണം (ഏതെങ്കിലും രണ്ടെണ്ണം )

**Que.24. ഗർഭസ്ഥശിശു ബാഹ്യക്ഷതങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടുന്നതെങ്ങനെ?**

**[Marks :(1)]**

**Ans.** അമ്നിയോൺ എന്ന ആവരണത്തിനുള്ളിലെ അമ്നിയോട്ടിക് ദ്രവം ഉള്ളതുകൊണ്ട്

**Que.25. താഴെ പറയുന്ന പ്രസ്താവനകൾ വിശകലനം ചെയ്ത്അവയോരോന്നിന്റേയും ആവശ്യകത എന്തെന്ന് എഴുതുക.**

**(a)അണ്ഡോൽപാദനത്തോടൊപ്പം ഗർഭാശയത്തിൽ മുന്നൊരുക്കങ്ങൾ നടക്കുന്നു**

**(b)വൃഷണത്തിലെ താപനില ശരീര താപനിലയെക്കാൾ കുറവാണ്**

**[Marks :(2)]**

**Ans.** (a)ഭ്രൂണത്തിന് ഗർഭാശയഭിത്തിയിൽ പറ്റിപ്പിടിക്കാനും വളരാനും ഉള്ള സാഹചര്യം ഒരുക്കുന്നതിന് വേണ്ടി

(b)പുംബീജങ്ങളുടെ ഉൽപാദനത്തിന് ശരീരത്തിന്റെ ഇതരഭാഗങ്ങളെ അപേക്ഷിച്ച് താണ താപനില ആവശ്യമാണ്

**Que.26. ചുവടെ നൽകിയ പദങ്ങൾ ഉപയോഗിച്ച് പട്ടിക ഉചിതമായി പൂർത്തിയാക്കുക**

**പ്ലാസന്റ, അമ്നിയോൺ, ഗർഭാശയം**

| ധർമം | ഭാഗം |
|---|---|
| ഭ്രൂണം വളർച്ച പൂർത്തീകരിക്കപ്പെടുന്നു | a) ............. |
| അമ്മയുടെയും കുഞ്ഞിന്റെയും രക്തം പരസ്പരം കൂടിക്കലരാതെയുള്ള പദാർത്ഥവിനിമയം നടത്തുന്നു | b)............. |
| ഇതിനുള്ളിലെ ദ്രവം ഗർഭസ്ഥ ശിശുവിന്റെ നിർജ്ജലീകരണം തടയുന്നു/ബാഹ്യ ക്ഷതങ്ങളിൽ നിന്നും സംരക്ഷിക്കുന്നു | c)............. |


**[Marks :(3)]**

**Ans.** a)ഗർഭാശയം

b)പ്ലാസന്റ

c)അമ്നിയോൺ

**Que.27. താഴെ തന്നിട്ടുള്ള ചിത്രം നിരീക്ഷിക്കുക**




**(a)ചിത്രം A തിരിച്ചറിയുക**

**(b)ഇവ രൂപപ്പെടുന്ന അവയവം ഏത് ?**

**[Marks :(2)]**

Ans. **(a)പുംബീജം**

**(b)വൃഷണം**

**Que.28. മൂന്നു ജീവികളുടെ അലൈംഗിക പ്രജനന രീതികളാണ് ചുവടെ നൽകിയിരിക്കുന്നത് അവ വിശകലനം ചെയ്ത് ജീവികൾ ഏതെന്ന് തിരിച്ചറിയുക.**

**ജീവി A -പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്യാൻ കഴിവുള്ള സൂക്ഷ്മകോശങ്ങളെ ഉൽപാദിപ്പിക്കുന്നു**

**ജീവി B -മാതൃശരീരത്തിൽ നിന്നും മുകുളങ്ങൾ രൂപപ്പെടുന്നു**

**ജീവി C -നിലവിലുള്ള കോശങ്ങൾ വിഭജിച്ച് രണ്ട് കോശങ്ങളാകുന്നു**

**[Marks :(3)]**

**Ans.** A. ഫംഗസ്

B. ഹൈഡ്ര

C. ബാക്ടീരിയ (ഏതെങ്കിലും ഒരു ഏകകോശജീവി)

**Que.29. ബോക്സിൽ നല്കിയിരിക്കുന്നവയെ അനുയോജ്യമായ കോളങ്ങളിൽ ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കുക**

**ബീജവാഹി, യോനി, എൻഡോമെട്രിയം, പ്രോസ്റ്റേറ്റ് ഗ്രന്ഥി, വൃഷണം, അണ്ഡാശയം**

| **പുരുഷ പ്രത്യുൽപാദനവ്യവസ്ഥാ ഭാഗം** | **സ്ത്രീ പ്രത്യുൽപാദനവ്യവസ്ഥാ ഭാഗം** |
|---|---|

**[Marks :(3)]**

**Ans.** പുരുഷ പ്രത്യുൽപാദനവ്യവസ്ഥാ ഭാഗം -

ബീജവാഹി

പ്രോസ്റ്റേറ്റ് ഗ്രന്ഥി

വൃഷണം


സ്ത്രീ പ്രത്യുൽപാദനവ്യവസ്ഥാ ഭാഗം

യോനി

എൻഡോമെട്രിയം

അണ്ഡാശയം

**Que.30. താഴെ തന്നിട്ടുള്ള ഫ്ലോചാർട്ട് വിശകലനം ചെയ്ത് ചുവടെ തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**




**i) a,b,cഎന്നിവ പൂരിപ്പിക്കുക**

**ii) cരൂപപ്പെടുന്നതിനുകാരണമായ പ്രക്രീയ പ്രത്യുൽപാദന വ്യവസ്ഥായുടെ ഏതുഭാഗത്തുവച്ച് നടക്കുന്നു ?**

**iii) ഭ്രൂണത്തെ സ്വീകരിക്കുവാൻ ഗർഭാശയം നടത്തുന്ന ഏതെങ്കിലും രണ്ട് തയ്യാറെടുപ്പുകൾ എഴുതുക ?**

**[Marks :(4)]**

**Ans.** i)(a)പുംബീജം

(b) അണ്ഡാശയം


(c)സിക്താണ്ഡം


(ii)അണ്ഡവാഹി

(iii)എൻഡോമെട്രിയം എന്ന ആന്തരപാളിയുടെ കനം കൂടുന്നു/

കൂടുതൽ രക്തലോമികകളും ഗ്രന്ഥികളും രൂപപ്പെടുന്നു

**Que.31. തന്നിട്ടുള്ള ചിത്രീകരണം വിശകലനം ചെയ്ത് ചുവടെ തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**




**a) A എന്തെന്ന് എഴുതുക**

**b) A അണ്ഡാശയത്തിൽ നിന്നും പുറത്തുവരുന്ന പ്രക്രീയയുടെ പേരെന്ത് ?**

**c) പുംബീജത്തിന്റെ  അസാന്നിധ്യത്തിൽ Aയ്ക്ക് എന്ത് സംഭവിക്കുന്നു ?**

**[Marks :(3)]**

**Ans.** (a)അണ്ഡം

(b)അണ്ഡോൽസർജനം

(c)നശിച്ചു പോകുന്നു /ആർത്തവ രക്തത്തോടൊപ്പം പുറന്തള്ളപ്പെടുന്നു